## ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ൽ നിന്നും ഗ്രേഡ് 1 ലേക്ക് സ്ഥാന കയറ്റം നൽകി ഉത്തരവാകുന്നു.

സൂചന;-
1. ഉത്തരവ് നം. ഇ.എസ്5-60376/13/ആ.വ.ഡ തീ.22.3.14.
2. ഉത്തരവ് നം. സ്പെഷ്യ സെൽ 116225/90/ആ.വ.ഡ തീ.28.02.1992.
3. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസുടെ 12.7.16-ലെഎ5-7668/16 നം. കത്ത്
4. ഉത്തരവ് നം. ഇ.എഫ്2-93289/02 ആ.വ.ഡ തീ.22.11.03.
5. ഉത്തരവ് നം. ഇ.എഫ്2-9304/16 ആ.വ.ഡ തീ.9.2.16.

ഉത്തരവ് നം.ഇ.എഫ്.2-9304/2016/തീയതി. 06.01.2017.

പരാമർശം (4) പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട സീനിയോരിറ്റി നം.300 വരെയുള്ള ജീവനക്കാർക്ക് ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

പരാമർശം (4) പ്രകാരം സീനിയോരിറ്റി നം.201 എ ആയി പുനർ നിർണ്ണയിച്ചിട്ടുള്ള ശ്രീ.സുരേഷ്കുമാറിന് നാളിതുവരെയായി സ്ഥാന കയറ്റം നൽകിയിട്ടില്ല എന്ന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. നിലവിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 - ന്റെ ഒഴിവുള്ളതിനാൽ 31.05.2017-ൽ സേവനത്തിൽ നിന്നും അടിത്തൂൺ പറ്റിപിരിയുന്ന കോട്ടയം ജില്ലാ ടി.ബി സെന്ററിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ശ്രീ.സുരേഷ്കുമാറിനെ കെ.എസ്&എസ്.എസ്.ആർ ചട്ടം 31 (എ)) (1) ന്റെ അടിസ്ഥാനത്തിൽ 26500-56700 ശമ്പള സ്കെയിലിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ആയി ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥാന കയറ്റം നൽകി ഉത്തരവാകുന്നു.

ശ്രീ.സുരേഷ്കുമാർ.പി-യെ കോട്ടയം ജില്ലയിൽ നിലവിലുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 -ൽ നിയമനം നൽകുന്നതായി ജില്ലാ മേലധികാരിക്ക് നിർദ്ദേശം നൽകുന്നു.

(ഒപ്പ്)
ഡോ.സെറീന
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ്

ശ്രീ.സുരേഷ്കുമാർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2
ജില്ലാ ടി.ബി സെന്റർ, കോട്ടയം

പകർപ്പ്

ജില്ലാ ടി.ബി ആഫീസർ, കോട്ടയം
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) കോട്ടയം
ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

എസ്.എൻ 7.1.17